# ദൈനംദിന പാഠാസൂത്രണം-1

## പാർട്ട്-എ പ്രാഥമിക വിവരങ്ങൾ

അധ്യാപിക വിദ്യാർത്ഥിയുടെ പേര്:

വിദ്യാലയത്തിന്റെ പേര്:

ക്ലാസ് : V Div:

വിഷയം : ഗണിതം

യൂണിറ്റ് : സംഖ്യാലോകം.

സമയം : 45 mnt

തീയതി :

## പാർട്ട് - ബി

### പഠനനേട്ടങ്ങൾ

*ലക്ഷം, പത്തുലക്ഷം, കോടി തുടങ്ങിയ വലിയ സംഖ്യകളെ അക്കങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി വായിക്കാനും എഴുതാനും കഴിയുന്നു.

### ആശയങ്ങൾ

*സംഖ്യകളിലെ അക്കങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സംഖ്യകൾക്ക് ലക്ഷം,

പത്തുലക്ഷം, കോടി തുടങ്ങിയ പേരുകളുണ്ട്.

## ശേഷികൾ/നൈപുണികൾ.

* നിത്യജീവിതത്തിൽ സംഖ്യകൾ എഴുതുന്നത് വായിക്കുന്നതും പ്രയോഗിക്കുന്നതുമായുള്ള ശേഷി.

* പടിപടിയായി സംഖ്യകളുടെ വലുപ്പം സംഖ്യാസ്ഥാനങ്ങളുടെ എണ്ണവും കൂടുന്നു.

## പഠനസാമഗ്രികൾ

* ടെക്സ്റ്റ് ബുക്ക്
* B.B
* ഹാൻഡ് ബുക്ക്
* ചാർട്ട്.

## ഉൽപന്നങ്ങൾ.

* നോട്ട് ബുക്കിൽ എഴുതിയ ഉത്തരങ്ങൾ.

## മൂല്യങ്ങൾ / മനോഭാവങ്ങൾ

* സംഖ്യകളെ കുറിച്ച് അറിയാനുള്ള കഴിവ്.

പാർട്ട്-സി.

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **പ്രവേശക പ്രവർത്തനം.**<br>⇒ അധ്യാപിക കുട്ടികളുമായി സൗഹൃദസംഭാഷണത്തിൽ ഏർപ്പെടുന്നു.<br>⇒ അധ്യാപിക കുട്ടികളോട് വിശകലന ചോദ്യങ്ങൾ ചോദിക്കുന്നു.<br>* ഏറ്റവും ചെറിയ സംഖ്യ ഏത്?<br>* ഏറ്റവും വലിയ സംഖ്യ ഏത്?<br>* ഏറ്റവും ചെറിയ 2 അക്കസംഖ്യ ഏത്?<br><br>**പ്രവർത്തനം-1**<br>⇒ അധ്യാപിക കുട്ടികളോട് 'സംഖ്യ-കേളി' എന്ന കളി അവതരിപ്പിക്കുന്നു.<br>അധ്യാപിക ഒരു സംഖ്യ പറയുന്നു. തൊട്ടടുത്ത സംഖ്യ ഒരു കുട്ടി പറയുന്നു. പെട്ടെന്ന് പറയാൻ കഴിയാത്തവരും തെറ്റി പറയുന്നവരും പുറത്താവുന്നു. | |

⇒അധ്യാപിക വിശകലന ചോദ്യങ്ങൾ ചോദിക്കുന്നു.

• എല്ലാവർക്കും സംഖ്യകളെ മനസ്സിലായോ?

• ഏറ്റവും വലിയ സംഖ്യകൾക്കുമപ്പുറം സംഖ്യകളില്ലേ?

• ഒരു സംഖ്യയുടെ തൊട്ടടുത്ത സംഖ്യ കിട്ടാൻ എന്താണ് ചെയ്യേണ്ടത്?

• ഏറ്റവും ചെറിയ സംഖ്യയിൽ നിന്ന് തുടങ്ങി സംഖ്യകൾ വലുതാക്കി കൊണ്ടിരിക്കാൻ എങ്ങനെയാണ് ചെയ്യേണ്ടത്?

⇒കുട്ടികൾ ഉത്തരം പറയുന്നു.

⇒അധ്യാപിക വിലയിരുത്തുന്നു.

⇒അധ്യാപിക വിശദീകരിക്കുന്നു.

* ഏറ്റവും വലിയ സംഖ്യകൾക്കുമപ്പുറം സംഖ്യകൾ ഉണ്ട്.

* ഒരു സംഖ്യയുടെ തൊട്ടടുത്ത സംഖ്യ കിട്ടാൻ സംഖ്യകളോട് ഒന്ന് കൂട്ടിയാൽ മതി.

* ഏറ്റവും ചെറിയ സംഖ്യയിൽ നിന്ന് വലിയ സംഖ്യകൾ ആകാൻ സംഖ്യയിൽ 1 എന്ന അക്കത്തിന്റെ സ്ഥാനം ഇടത്തോട്ട് നീങ്ങുന്തോറും പത്ത് മടങ്ങ് വർദ്ധിക്കുന്നു.

1 — ഒന്ന്
10 — പത്ത്
100 — നൂറ്
1000 — ആയിരം
10000 — പതിനായിരം.

⇒ കുട്ടികൾ ഉത്തരം NBയിൽ എഴുതുന്നു.

⇒ അധ്യാപിക വിലയിരുത്തുന്നു.

വിലയിരുത്തൽ സൂചകങ്ങൾ.

* തിരിച്ചറിയൽ
* മുന്നറിവ്
* മനക്കണക്ക്.

ക്രോഡീകരണം.

നൂറ്, ആയിരം, പതിനായിരം, എന്നീ സംഖ്യകളെ അക്കങ്ങളിലൂടെ എണ്ണാം വായിക്കാനും എഴുതാനും സാധിക്കും.

## പ്രവർത്തനം—2

⇒അധ്യാപിക ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികളോട് വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കാൻ പറയുന്നു.

| സംഖ്യ | അടുത്ത സംഖ്യ. |
| --- | --- |
| 8 | |
| | 13 |
| | 274 |
| 1014 | |
| 7099 | |

⇒കുട്ടികൾ ഉത്തരം പറയുന്നു.
⇒അധ്യാപിക വിലയിരുത്തുന്നു.

⇒അധ്യാപിക വിശദീകരിക്കുന്നു.

| സംഖ്യ | അടുത്ത സംഖ്യ |
| --- | --- |
| 8 | 9 |
| 12 | 13 |
| 273 | 274 |
| 1014 | 1015 |
| 7099 | 7100 |

⇒ കുട്ടികൾ N.Bയിൽ എഴുതുന്നു.

⇒ അധ്യാപിക വിലയിരുത്തുന്നു.

വിലയിരുത്തൽ
സൂചകങ്ങൾ

* മുന്നറിവ്
* തിരിച്ചറിയൽ
* മനക്കണക്ക്.

| ക്രോഡീകരണം. |
| --- |
| ഒരു സംഖ്യയുടെ തൊട്ടടുത്ത സംഖ്യ കിട്ടാൻ ആ സംഖ്യയോട് ഒന്ന് കൂട്ടിയാൽ മതി. |

പാർട്ട് - സി.

അനുരൂപീകരണം.

തുടർപ്രവർത്തനം.

* 1055 എന്ന സംഖ്യയുടെ കൂടെ 1 കൂട്ടിയാൽ കിട്ടുന്ന സംഖ്യ?
* 9999 എന്ന നാലക്ക സംഖ്യയുടെ കൂടെ 1 കൂട്ടിയാൽ അഞ്ചക്ക സംഖ്യയാവും. സംഖ്യ ഏതോ?

# ദൈനംദിനപാഠാസൂത്രണം-2

## പാർട്ട്-എ-പൊതുവിവരങ്ങൾ.

അധ്യാപക വിദ്യാർത്ഥിയുടെ പേര് :
വിദ്യാലയത്തിന്റെ പേര് :
വിഷയം : ഗണിതം
ക്ലാസ് : V
യൂണിറ്റ് : സംഖ്യാലോകം
തിയ്യതി :
സമയം : 45 mnt.

## പാർട്ട്-ബി.

### പഠനനേട്ടങ്ങൾ

*സംഖ്യകളിൽ ഓരോ സ്ഥാനം ഇടത്തോട്ട് പോകുംതോറും സ്ഥാന വില പത്ത് മടങ്ങാകുന്നു എന്ന് വിശദീകരിക്കാൻ കഴിയുന്നു.

*ലക്ഷം, പത്തു ലക്ഷം, കോടി, തുടങ്ങിയ വലിയ സംഖ്യകളെ അക്കങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി വായിക്കാനും എഴുതാനും കഴിയുന്നു.

### ആശയങ്ങൾ.

*സംഖ്യകളുടെ അക്കങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി സംഖ്യകൾ വായിക്കാം, സ്ഥാനവിലകൾ അടിസ്ഥാനമാക്കി എഴുതാം.

*സംഖ്യകളിൽ ഓരോസ്ഥാനം ഇടത്തോട്ടുപോകും തോറും സ്ഥാനവില പത്തുമടങ്ങാകുന്നു.

ശേഷികൾ/നൈപുണികൾ.

*വലിയ സംഖ്യകൾ ഉപയോഗിക്കുന്ന ജീവിത സന്ദർഭങ്ങൾ പ്രയോഗിക്കുന്നതിനുള്ള ശേഷി.

പഠനസാമഗ്രികൾ

*TB

*HB

*BB

*ചാർട്ട്.

ഉൽപ്പന്നങ്ങൾ.

*നോട്ട്ബുക്കിൽ എഴുതിയ ഉത്തരങ്ങൾ.

മൂല്യങ്ങൾ/മനോഭാവങ്ങൾ.

*നാലക്ക സംഖ്യകളിൽ നിന്നും വലിയ സംഖ്യകളെ. കുറിച്ച് അറിയാനുള്ള കഴിവ്.

*കൃത്യത.

*സൂക്ഷ്മത

*നിരീക്ഷണ മനോഭാവം.

| പാർട്ട് – സി<br>പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ. |
|---|---|
| **പ്രവേശകപ്രവർത്തനം**<br>⇒ അധ്യാപിക കുട്ടികളുമായി സൗഹൃദസംഭാഷണത്തിൽ ഏർപ്പെടുന്നു.<br>⇒ തുടർപ്രവർത്തനങ്ങൾ പരിശോധിക്കുന്നു.<br>• തെറ്റുകൾ തിരുത്തുന്നു.<br>• നാലക്ക സംഖ്യകളിൽ നിന്ന് 5 അക്ക സംഖ്യയിലേക്ക് മാറ്റം വരുന്ന സംഖ്യകൾ എഴുതാൻ പറയുന്നു.<br><br>**പ്രവർത്തനം – 1**<br>⇒ അധ്യാപിക സംഖ്യകളുടെ മാറ്റങ്ങൾ കുട്ടികളെ കൂട്ടമായി പരിചയപ്പെടുത്തുന്നു.<br>→ അധ്യാപിക TB യിലെ Page No 22 ലെ സംഖ്യകളുടെ മാറ്റങ്ങൾ വരുന്ന പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>→ അധ്യാപിക വിശകല ചോദ്യങ്ങൾ ചോദിക്കുന്നു.<br>• പതിനായിരത്തിൽ ഒന്നിനെ | |

ഇടത്തോട്ട് ഇനിയും നീങ്ങിയാൽ വലിയ സംഖ്യകൾ ഉണ്ടാക്കാൻ കഴിയോ?

• ഏതൊക്കെയാണ് ആ സംഖ്യകൾ?

~~• ഏതൊക്കെയാണ്~~ ആ സംഖ്യകൾ പത്ത്

• ഏതൊക്കെയാണ് ആ സംഖ്യകൾ

• പത്ത് ലക്ഷത്തിൽ ഒന്ന് എന്ന അക്കത്തിന്റെ സ്ഥാനം ഇടത്തോട്ട് നീങ്ങുന്തോറും എത്ര മടങ്ങാണ് വലുതാകുന്നത്?

• ഇനിയും എത്ര പൂജ്യങ്ങൾ ചേർത്താലാണ് നൂറു മില്യൻ, ബില്യൻ എന്നിവ കിട്ടുന്നത്?

⇒ കുട്ടികൾ ഉത്തരം കണ്ടെത്തുന്നു.

⇒ അധ്യാപിക വിലയിരുത്തുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

• മുന്നറിവ്
• തിരിച്ചറിയൽ
• സൂക്ഷ്മത
• ശ്രദ്ധ.

ക്രോഡീകരണം

പത്ത് ബില്യൺ, നൂറു ബില്യൺ എന്നിങ്ങനെ ആയിരം ബില്യ-നെ ട്രില്യൺ (trillion) എന്നു പറയുന്നു.

പ്രവർത്തനം — 2

⇒ അധ്യാപിക കുട്ടികൾക്ക് പത്ത് ബില്യൺ, നൂറു ബില്യൺ എന്നതിനെ കുറിച്ച് കൂടുതലായി വിശദീകരിക്കുന്നു.

• ഇത്ര വലിയ സംഖ്യകളുടെ ആവശ്യമെന്താണ്?

• നമ്മുടെ ലോകത്തിൽ എത്ര ആളുകൾ ഉണ്ടെന്ന് അറിയാമോ?

• ഇന്ത്യയിൽ എത്രയാളുകൾ ഉണ്ടാകും?

⇒ കുട്ടികൾ ഉത്തരം പറയാൻ ശ്രമിക്കുന്നു.

⇒ അധ്യാപിക വിലയിരുത്തുന്നു.

### വിലയിരുത്തൽ സൂചകങ്ങൾ

- മുന്നറിവ്
- തിരിച്ചറിയൽ.

### ക്രോഡീകരണം.

വലിയ സംഖ്യകളിലെ മാറ്റങ്ങളെ കുറിച്ച് കുട്ടികൾ കൂടുതലായി മനസ്സിലാക്കാൻ സാധിക്കുന്നു.

## പാർട്ട് – സി

### അനുരൂപീകരണം.

### തുടർപ്രവർത്തനം.

- നൂറു മില്യനിൽ എത്ര പൂജ്യങ്ങൾ ഉണ്ടാകും.
- 100000 ഈ സംഖ്യയുടെ സ്ഥാനവില സഹിതം എഴുതുക.